പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5233 — 06.02.2014-ൽ മറുപടിയ്ക്ക്

## വിദ്യാർത്ഥികളുടെ കായികനിലവാരം ഉയർത്താൻ നടപടി

**ചോദ്യം**

ശ്രീ.രാജു എബ്രഹാം

**മറുപടി**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)

(എ) ഗ്രാമങ്ങളിലെ സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് തങ്ങളുടെ കായിക നിലവാരം ഉയർത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) ഗ്രാമങ്ങളിലെ പൊതുകളിസ്ഥലങ്ങളുടെ വികസനത്തിനും പുതുതായി കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ നടപ്പാക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

എ) & (ബി) ഉണ്ട്. പൊതുവിദ്യാഭ്യാസവകുപ്പിൻ കീഴിലുള്ള സ്ഥാപനങ്ങളിൽ കായിക ഇനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ കായിക നിലവാരം ഉയർത്താൻ വേണ്ടി ഒരുക്കിയിട്ടുള്ള നിലവിലുള്ള ക്രമീകരണങ്ങൾക്ക് പുറമേ ഗ്രാമീണ തലങ്ങളിൽ കായിക പരിശീലനത്തിനും, കളികൾ നടത്തുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കി അതുവഴി യുവജനങ്ങളിലും വിദ്യാർത്ഥികളിലും സ്പോർട്സ് സംബന്ധിച്ച ആഭിമുഖ്യം വളർത്തി, രാജ്യത്ത് കായിക അടിത്തറ വർദ്ധിപ്പിക്കുകയും, കൂടുതൽ കായിക പ്രതിഭകളെ വളർത്തിയെടുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കേന്ദ്രയുവജനകാര്യ കായിക മന്ത്രാലയത്തിന്റെയും, സംസ്ഥാന സർക്കാരിന്റെയും, സഹായത്തോടെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ **'പൈക്ക'** (പഞ്ചായത്ത് യുവ ക്രീഡാ ഓർ ഖേൽ അഭിയാൻ) പ്രകാരം ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന പഞ്ചായത്ത് പൈക്ക സെന്ററുകളായി തെരെഞ്ഞെടുക്കുന്ന സർക്കാർ സ്കൂളുകൾക്കോ, സർക്കാർ സ്കൂളുകളുടെ കളിസ്ഥലം ലഭ്യമല്ലാതെ വരുന്ന അവസരത്തിൽ പഞ്ചായത്ത് സ്റ്റേഡിയങ്ങൾക്കോ, എയ്ഡഡ് സ്കൂൾ ഗ്രൗണ്ടുകൾക്കോ കളിസ്ഥല നിർമ്മാണ വികസനപ്രവർത്തനങ്ങൾക്കുള്ള ധനസഹായം അനുവദിച്ചുവരുന്നു.

കൂടാതെ, സംസ്ഥാനത്തെ നിലവിലുള്ള കളിസ്ഥലങ്ങളുടെ വികസനത്തിനായി ഈ വകുപ്പിൽ **സ്മൈൽ (Sports Minister's Infrastructure Leap to Excellence)** എന്ന പദ്ധതി കൂടി നിലവിലുണ്ട്. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തുടനീളം ഗുണനിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് താഴെ പറയുന്ന നൂതന സംവിധാനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1) സ്വിമ്മിംഗ് പൂളുകളുടെ നിർമ്മാണം
2) സിന്തറ്റിക് റണ്ണിംഗ് ട്രാക്കോടുകൂടിയ ലോങ്ങ് ജംപ് പിറ്റുകൾ
3) 4 വരിയുള്ള രണ്ട് സിന്തറ്റിക് ട്രാക്കുകളുടെ നിർമ്മാണം
4) സിന്തറ്റിക് റണ്ണപ്പോടുകൂടിയ ഹൈജംപ് പിറ്റ്
5) കബഡി കളിക്കളം
6) സിന്തറ്റിക് ഫുട്ബോൾ പരിശീലന കേന്ദ്രം
7) സിന്തറ്റിക് ടർഫ് നിർമ്മാണം

ഇതിനുപുറമേ കായികയുവജനകാര്യ മന്ത്രാലയത്തിന്റെ പബ്ലിസിറ്റി ശീർഷകത്തിൽ നിന്ന് സ്കൂളുകൾ ഉൾപ്പെടെയുള്ള വിവിധ സ്ഥാപനങ്ങൾക്ക് കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും കായിക പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും ധനസഹായം അനുവദിച്ചു വരുന്നുണ്ട്.

(സി) ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കുന്നതിന് സഹായകരമാകും വിധം സ്കൂൾ- കോളേജ് തലങ്ങളിൽ കായിക വിദ്യാഭ്യാസം നിർബന്ധമാക്കുന്നതിന് വിദ്യാഭ്യാസവകുപ്പുമായി ചേർന്ന് ഏതെല്ലാം പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നു ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

(സി) ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കുന്നതിന് സഹായകരമാകും വിധം ആരോഗ്യ കായിക വിദ്യാഭ്യാസ പദ്ധതി, കരിക്കുലത്തിന്റെ ഭാഗമായി മാറിയിട്ടുണ്ട്. കായിക വിദ്യാഭ്യാസം സ്കൂൾ തലത്തിൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്രൈമറി തലത്തിലെ അദ്ധ്യാപകർക്കും, ഹൈസ്കൂൾ തലത്തിലെ കായിക അദ്ധ്യാപകർക്കുമുള്ള പരിശീലന പരിപാടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഹൈസ്കൂൾ തലം കഴിയുമ്പോൾ തന്നെ ഓരോ വിദ്യാർത്ഥിക്കും കുറഞ്ഞത് മൂന്ന് കായിക ഇനങ്ങളിലെങ്കിലും തികഞ്ഞ അവബോധം ലഭിക്കുന്ന തരത്തിലാണ് ആരോഗ്യ കായികവിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട് സിലബസ് തയ്യാറാക്കിയിട്ടുള്ളത്. ഒന്ന് മുതൽ നാലു വരെയുള്ള പ്രൈമറി അദ്ധ്യാപകർക്കുവേണ്ടി അദ്ധ്യാപക സഹായി ദൃശ്യവൽക്കരിച്ച് പത്ത് വീഡിയോ സിഡികൾ അടങ്ങുന്ന സെറ്റ്, 23 ലക്ഷം രൂപ ചെലവിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ സഹായത്തോടെ നിർമ്മിച്ച് കേരളത്തിലെ എല്ലാ പ്രൈമറി വിദ്യാലയങ്ങളിലും വിതരണം ചെയ്തിട്ടുണ്ട്.

കൂടാതെ, കായിക വിദ്യഭ്യാസത്തിന് ഊന്നൽ നൽകി, സ്പോർട്സ്-വിദ്യാഭ്യാസ -ആരോഗ്യ-തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ സഹകരണ ത്തോടു കൂടി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നടപ്പിലാക്കുന്ന പദ്ധതിയായ സമ്പൂർണ്ണ കായികക്ഷമതാ പദ്ധതിയും 2008-2009 വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ